**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1683** **28-07-2021 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ ഗ്രാമീണറോഡ് പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ ഗ്രാമീണറോഡ് പുനരുദ്ധാരണപദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ഹരിപ്പാട് നിയോജകമണ്ഡലത്തിലെ കരുവാറ്റ പഞ്ചായത്തിൽ നിർമ്മിക്കാൻ ഭരണാനുമതി ലഭിച്ചിരുന്ന എസ്എൻ കടവ് - ആശാട്ടിമുക്ക് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | മീന്തറ പാടശേഖരത്തിന് മധ്യത്തിലൂടെ കടന്നു പോകുന്ന 280 മീറ്റർ നീളത്തിലുള്ള എസ് എൻ കടവ്-ആശാട്ടി മുക്ക് റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭരണാനുമതി തുക 40 ലക്ഷം രൂപയായിരുന്നു. റോഡിന്റെ ഇരുവശത്തും സംരക്ഷണ ഭിത്തി നിർമ്മിച്ച് വെള്ളം കയറാത്ത രീതിയിൽ റോഡ് ഉയർത്തി ടാറിംഗ് ചെയ്യുന്നതിന് ഭരണാനുമതി തുകയായ 40 ലക്ഷം രൂപ പര്യാപ്തമായിരുന്നില്ല. എന്നാൽ, കൂടുതൽ തുക അനുവദിക്കാൻ ഫണ്ടിന്റെ അപര്യാപ്തത ഉള്ളതിനാൽ, 40 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി വാങ്ങി പ്രവൃത്തി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംരക്ഷണ ഭിത്തിയും, ഫില്ലിംഗും മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി , പ്രവൃത്തി ജൂലൈ 31 നകം ടെണ്ടർ ചെയ്യുന്നതാണ്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ജൂലൈ 31 നകം ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ